"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 18.12.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി തീരുമാനം - ഹരിയാലി പദ്ധതി - കണ്ണാടി ഗ്രാമ പഞ്ചായത്ത് - കരാറുകാരന് നൽകേണ്ട ബാക്കി തുക തനതു ഫണ്ട് ഉപയോഗിച്ചു നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.71/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:- 1. പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18/09/2021 ലെ കത്ത്

2. 18.12.2021 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 4.24-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കണ്ണാടി ഗ്രാമ പഞ്ചായത്തിൽ ഹരിയാലി പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10-ൽ നടപ്പിലാക്കിയ തണ്ണീർപന്തൽ ചേറമ്പറ്റക്കാവ് തോട് സംരക്ഷണം എന്ന പ്രവർത്തിയിലെ ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. വേണുഗോപാൽ എന്നയാൾക്ക് അഡ്വാൻസ് തുകയായി 2,49,000/- രൂപ കൈപ്പറ്റുകയും പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിരുന്നു. എന്നാൽ കരാർ കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കുവാൻ ടിയാന് കഴിഞ്ഞിരുന്നില്ല. പിന്നീട് പ്രവൃത്തി പൂർത്തിയാക്കി കൺവീനർ ബില്ലുകൾ പഞ്ചായത്തിൽ സമർപ്പിച്ചു. തുടർനടപടി എന്ന നിലയിൽ പ്രസ്തുത രേഖകൾ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രൊജക്റ്റ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നെങ്കിലും ഹരിയാലി പദ്ധതി പൂർണമായും നിർത്തലാക്കിയതിനാൽ ബിൽ തുക നൽകുന്നതിന് നിർവ്വാഹമില്ലായെന്നുള്ള വിവരം പ്രൊജക്റ്റ് ഡയറക്ടർ അറിയിച്ചു. ഈ സാഹചര്യത്തിൽ, പ്രവർത്തി പൂർത്തീകരിച്ചതിന് ബാക്കി നൽകാനുള്ള 1,57,689/- രൂപ പലിശ സഹിതം ലഭിക്കുന്നതിന് വേണ്ടി കൺവീനർ ബഹു. ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചിരുന്നു. ബഹു. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് ബാക്കി തുക നൽകാനുള്ള പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ടി തുക തനത് ഫണ്ട്/വികസന ഫണ്ട് ഇനത്തിൽ നിന്ന് നൽകാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ, 18.12.2021 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും തനതു ഫണ്ടുപയോഗിച്ചു നൽകാൻ അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്

2.മേൽ സാഹചര്യത്തിൽ, കണ്ണാടി ഗ്രാമ പഞ്ചായത്തിൽ ഹരിയാലി പദ്ധതിയിൽ ഉൾപ്പെടുത്തി 2009-10-ൽ നടപ്പിലാക്കിയ തണ്ണീർപന്തൽ ചേറമ്പറ്റക്കാവ് തോട് സംരക്ഷണം എന്ന പ്രവർത്തി ഏറ്റെടുത്ത് കരാർ കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച കരാറുകാരന് മേൽ പ്രവർത്തി പൂർത്തീകരിച്ചതിന് നൽകാനുള്ള ബാക്കി തുക തനതു ഫണ്ടുപയോഗിച്ചു നൽകുന്നതിന് കണ്ണാടി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി.

പകർപ്പ്:ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രസിഡന്റ് /സെക്രട്ടറി, കണ്ണാടി ഗ്രാമ പഞ്ചായത്ത്, പാലക്കട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
തസ്വഭവ (ഡി.എ) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 11-01-2022 10:43:14
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി